I/109600/2023

**മിഷൻ വാത്സല്യ**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , വനിത ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ - പത്തനംതിട്ട, എറണാകുളം, കോഴിക്കോട് CWC, JJB അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് 2023 ജൂൺ മാസം മുതൽ 2023 ഓഗസ്റ്റ് മാസം വരെയുള്ള വേതനം നൽകുന്നതിനു ആവശ്യമായ തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം:
1. കേന്ദ്ര സർക്കാരിന്റെ 05/07/2022 തീയതിയിലെ CW-II-22/6/2022 -CW-IIനമ്പർ ഉത്തരവ്
2. വിവിധ ജില്ലകളിലെ സ്ഥാപന സൂപ്രണ്ടുമാരുടെ അപേക്ഷ
3. ഈ കാര്യാലയത്തിലെ 03.10.2022 തീയതിയിലെ DWCD/2828/2022- ICPS 4 നമ്പർ സർക്കുലർ

**ഉത്തരവ് നം. DWCD/2122/2023 - ICPS 4 തീയതി: 04-08-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിലെ CWC, JIB യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻടി ഓപ്പറേറ്റർക്ക് കരാർ, ദിവസവേതന അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2023 ജൂൺ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള വേതനം നൽകുന്നതിനു ആവശ്യമായ തുക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ജില്ലകളിലെ CWC, JJB യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് പരാമർശം (1) മിഷൻ വാത്സല്യ മാർഗ്ഗനിർദേശ പ്രകാരം 2023 മെയ് മാസം വരെയുള്ള വേതനം അനുവദിച്ച നൽകിയിരുന്നു.

മേൽ സാഹചര്യത്തിൽ, സ്ഥാപന സൂപ്രണ്ടുമാരുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച്, 2023 ജൂൺ മുതൽ ഓഗസ്റ്റ് മാസം വേതനയിനത്തിൽ ആകെ **70,456/-രൂപ (എഴുപതിനായിരത്തി നാനൂറ്റി അൻപത്തി ആറു രൂപ മാത്രം രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| Sl.No | District | Organisation | CWC | JJB | Salary |
|---|---|---|---|---|---|
| | Component Code | | 1.31.2 | 1.29.2 | |
| 1 | Pathanamthitta | Childrens Home | 18,256 | | 18,256 |
| 2 | Ernakulam | Observation Home | | 32968 | 32,968 |
| 3 | Kozhikode | Childrens Home (girls) | 19232 | | 19,232 |
| | | Grant Total | 37,488 | 32968 | 70,456 |

ടി തുകയായ **70,456/-രൂപ (എഴുപതിനായിരത്തി നാനൂറ്റി അൻപത്തി ആറു രൂപ മാത്രം രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിന്റെ, IDBI Bank ലെ വനിത ശിശു വികസന ഡയരക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ നിന്നും 0889104000111737 IFSC.Code.IBKL0000889 അതാത് ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസറുടെ

I/109600/2023

സബ്സിഡറി അക്കൗണ്ടിലെ കംപോനെന്റ് കോഡ് അനുസരിച്ച് (CWC - 1.31.2 & JJB -1.29.2) അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർമാർ തുക മേൽ പട്ടിക പ്രകാരം ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരുടേയും ഇടുക്കി ജില്ലാ വനിത ശിശു വികസന ഓഫീസർ ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടുകളിലേക്കും ഫണ്ട് അനുവദിക്കേണ്ടതാണ്.

സ്ഥാപന സൂപ്രണ്ടുമാർ, പരാമർശം (3) സർക്കുലർ പ്രകാരം മാത്രം തുക ജീവനക്കാർക്ക് അനുവദിച്ച് നൽകേണ്ടതാണ്. കൂടാതെ തുക കൈപ്പറ്റിയ രസീത്, തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, Expenditure Statement എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഏപ്രിൽ 27 ന് ധർണയിലും മെയ് 15 ന് സൂചന പണിമുടക്കിലും പങ്കെടുത്ത ജീവനക്കാർക്ക് ഏപ്രിൽ മെയ് മാസങ്ങളിൽ പ്രസ്തുത ദിവസങ്ങളിൽ വേതനം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതും തുടർന്ന് ജൂൺ 1 മുതൽ 7 വരെ സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ 7 ദിവസത്തെ വേതനവും കുറവ് ചെയ്യേണ്ടതാണ് . (ആകെ 9 ദിവസം) സ്ഥാപനമേധാവിമാർ ഇപ്രകാരം വേതനം കുറവ് വരുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് .

PRIYANKA G

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്ക്

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർക്ക്
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

**Signed by Priyanka G**
**Date: 04-08-2023 18:33:30**